# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 189 05.02.2018-ൽ മറുപടിക്ക്

## വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>,, ബി.ഡി. ദേവസ്സി<br>,, കാരാട്ട് റസാഖ്<br>,, സി. കെ. ശശീന്ദ്രൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വൈദ്യുതി മേഖല നേരിടുന്ന മുഖ്യ പ്രശ്നങ്ങളിലൊന്നായ, ദേശീയശരാശരിയിലും ഉയർന്ന, പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാന വൈദ്യുതി ഗ്രിഡിലെ പ്രസരണ വിതരണ നഷ്ടത്തിന്റെ തോത് ദേശീയ ശരാശരിയിലും ഉയർന്നു നിൽക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെയും കെ.എസ്.ഇ.ബി എൽ ന്റേയും ഇടപെടൽകൊണ്ട് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിൽ വലിയ മുന്നേറ്റമുണ്ടാക്കാനായിട്ടുണ്ട്. 2015-16 വർഷത്തിൽ 14.37% ആയിരുന്ന പ്രസരണ വിതരണ നഷ്ടം 2016-17 ആയപ്പോഴേക്കും 13.93% ആക്കി കുറയ്ക്കാനായി.<br><br>വൈദ്യുതി വിതരണ ശൃംഖലയിലെ നഷ്ടം കുറയ്ക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.<br>2. പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം കൂട്ടുക.<br>3. നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring).<br>4. സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ.<br>5. മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable) /ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക.<br>6. മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ മേഖലയിൽ 2876 കിലോമീറ്റർ 11 കെ.വി.ലൈൻ നിർമ്മിക്കുകയും 3734 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 3030 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ശേഷിയുള്ള കമ്പികൾ ഉപയോഗിച്ച് വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി 1295 കി. മീ എച്ച്. റ്റി ലൈൻ റീ കണ്ടക്റ്ററിംഗ്, 19,768 കിലോ മീറ്റർ എൽ. റ്റി. ലൈൻ റീ കണ്ടക്റ്ററിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 14,91,897 എണ്ണം കേടായ മീറ്ററുകളും മാറ്റി സ്ഥാപിച്ചു. വിതരണ നഷ്ടം കുറയ്ക്കുന്നതിനു മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനു വേണ്ടി എല്ലാ 11 കെ.വി. ഫീഡറുകളിലും Division - Division ബോർഡർ മീറ്ററുകളും എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും "ഡി.റ്റി.ആർ" മീറ്ററുകൾ സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| (ബി) | പ്രസരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പതിനായിരം കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതി യുടെ നിലവിലെ സ്ഥിതി വിശദമാ - ക്കാമോ; | | |

| | | | |
|---|---|---|---|
| | | | വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ട്രാൻസ്ഗ്രിഡ്-2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. 10000 കോടി രൂപ ചെലവു വരുന്നതാണ് ഈ പദ്ധതി. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി, നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. ആയി ഉയർത്തുകയും, പുതിയ 400, 200 കെ.വി. സബ്സ്റ്റേഷനുകളും, 400, 220, 110 കെ.വി. ലൈനുകളും നിർമ്മിക്കുകയും ചെയ്യുന്നതിനുള്ള വർക്കുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.<br><br>രണ്ടുഘട്ടങ്ങളിലായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ രണ്ടു 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇവയുടെ അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. 14 പാക്കേജുകളിലായി വിന്യസിച്ചിട്ടുള്ള ഒന്നാം ഘട്ടത്തിലെ വർക്കുകളിൽ ഒരെണ്ണം പണി പൂർത്തിയായിട്ടുണ്ട്. രണ്ട് പാക്കേജുകൾ വർക്ക് അവാർഡ് ചെയ്ത് പണി പുരോഗമിക്കുന്ന ഘട്ടത്തിലും മറ്റു രണ്ടു പാക്കേജുകൾ വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലുമാണ്. ബാക്കിയുള്ളവയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ദീർഘദൂര വൈദ്യുതി പ്രസരണത്തിന് നവീന സാങ്കേതിക വിദ്യയായ ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ് (എച്ച്.വി. ഡി.സി.) സംവിധാനം ഉപയോഗിച്ച് വൈദ്യുതി എത്തിക്കാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (സി) | ദീർഘദൂര വൈദ്യുതി പ്രസരണത്തിന് നവീന സാങ്കേതിക വിദ്യയായ ഹൈവോൾട്ടേജ് ഡയറക്ട് കറണ്ട് സംവിധാനം ഉപയോഗിച്ച് വൈദ്യുതി എത്തിക്കാനുള്ള പദ്ധതി കേന്ദ്ര സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (പി.ജി.സി.ഐ.എൽ) ആണ് നിർവഹിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ മാടക്കത്തറയിൽ കാർഷിക സർവ്വകലാശാലയുടെ 32 ഏക്കർ ഭൂമി ഇതിനായി ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ് നാട്ടിലെ പുഗലൂരിൽ നിന്നും മാടക്കത്തറയിലേയ്ക്കുള്ള എച്ച്.വി.ഡി.സി. ലൈനിന്റെ ദർഘാസ് പ്രവൃത്തികൾ, പി. ജി. സി. ഐ. എൽ. പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ, വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ഭാഗം ഭൂഗർഭ കേബിൾ ആണ്. ഈ ജോലി ഇപ്പോൾ ആഗോള കമ്പനിയായ സീമൻസ് സുമോതോ സഖ്യത്തിനാണ് നൽകിയിരിക്കുന്നത്. |
| (ഡി) | പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് കൊണ്ട് ചെലവിലും പ്രസരണ നഷ്ടത്തിലും സ്ഥല വിനിയോഗത്തിലും നേട്ടം ഉണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത എച്ച്.വി.ഡി.സി. സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുമൂലം ദീർഘദൂര പ്രസരണ നഷ്ടം, നിലവിലുള്ള എ.സി. ട്രാൻസ്മിഷനേക്കാൾ താരതമ്യേന കുറവാണ്. മാടക്കത്തറയിൽ പി.ജി.സി.ഐ.എൽ. നിർമ്മിക്കുന്നത് ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ ആയതുകൊണ്ട് സ്ഥലവിനിയോഗത്തിലും താരതമ്യേന നേട്ടം ഉണ്ട്. |

Hemalella

**സെക്ഷൻ ഓഫീസർ**